ക്കുന്ന സ്ഥലങ്ങളാ മാവേലിക്കര, ചങ്ങനാശ്ശേരി, കുട്ടനാട്, അമ്പലപ്പുഴ ഇവയാണ്. മി. പി. എസ്സ്. നടരാജപിള്ള പറഞ്ഞതുപോലെ ഫാറസ്റ്റ് കൺസർവേറരുമായി ആലോചിച്ച് നല്ല സ്ഥലം കിട്ടുമെങ്കിൽ അതേക്കുറിച്ചും ആലോചിക്കുന്നതാണ്.

MR. K. RAMAKRISHNAN ACHARI (*Nedumangad II—Kammala*) : കൃഷിഡിപ്പാർട്ടുമെൻറിനെക്കൊണ്ട് ഇതു നടത്തിക്കണമെന്നു വിചാരിക്കുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഇല്ല.

MR. KANNARA GOPALA PANICKER : ൫൦൦൦ ഏക്കർ സ്ഥലത്തു കൃഷിചെയ്താൽ എന്താദായം കിട്ടും?

HON'BLE MR. T. K. NARAYANA PILLAI : ഏക്കറിനു ൫൦-നും ൩൦൦-നും രൂപയ്ക്കു മദ്ധ്യേ ആദായം കിട്ടുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

The motion was put and carried.

The demand was passed and the grant made.

38. MISCELLANEOUS DEPARTMENTS.

HON'BLE MR. N. KUNJURAMAN: Sir, I move for a gran tof Rs. 21,000 under the Head "38 Miscellaneous Departments" in the current year's budget for expenditure on account of the Trivandrum Public Library.

HON'BLE MR. A. J. JOHN: I second it.

HON'BLE MR. N. KUNJURAMAN : സർ, ഈ കുംഭമാസം ഒന്നാംതീയതി മുതൽ തിരുവനന്തപുരം പബ്ലിക്ക് ലൈബ്രറിയുണ്ടു വെഴ് സിറ്റിയുടെ കീഴിൽനിന്നും മാറ്റി ഇപ്പോഴത്തെ ഗവണ്മെൻറിന്റെ കീഴിൽ ആക്കീട്ടുണ്ട്. അതിനിടയാക്കിയതു കഴിഞ്ഞ നിയമസഭാകാലത്തു് ഈ നിയമസഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളും ശക്തിയായി അഭിപ്രായപ്പെട്ടിരുന്നതുകൊണ്ടാണ്. അതുപോലെതന്നെ ഇന്നു തിരുവനന്തപുരം പബ്ലിക്ക് ലൈബ്രറിക്ക് പുസ്തകങ്ങളും പീരിയാഡിക്കൽസും വാങ്ങുന്നതിനുള്ള ഗ്രാൻറ് വളരെ കുറവാണെന്നും അതിലേക്ക് ന്യായമായ ഒരു ഗ്രാൻറ് അനുവദിക്കണമെന്നും സഭ പ്രസ്താവിക്കയുണ്ടായി. അതിനെ അടിസ്ഥാനത്തിൽ അയ്യായിരം രൂപയെങ്കിലും പുസ്തകങ്ങളും പീരിയാഡിക്കൽസും വാങ്ങുന്നതിനു കൂടുതൽ ഗ്രാൻറായി കൊടുക്കണമെന്ന് ഗവണ്മെൻറ് തീരുമാനിച്ചു. ഇന്ന് അനുവദിച്ചിട്ടുള്ള ഗ്രാൻറ് അതായതു് ൧൫൫൫-ൽ അനുവദിച്ചിട്ടുള്ള ഗ്രാൻറ് കേവലം ൭൫൦൦ രൂപയാണ്. അതു മതിയാകാത്തതുകൊണ്ട് അധികം ആവശ്യമായിട്ടുള്ളതുകയാണ് ഈ അയ്യായിരം

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. N. Kunjuraman.]

രൂപാ. ഈ ആണ്ടിൽ ശേഷിക്കുന്ന ബാക്കി മാസങ്ങളിലെ കണ്ടിജൻസി എസ്റ്റാബ്ലിഷ്മെൻറ് മുതലായ ചെലവുകൾക്കായി ₹൯,൩൯൦ രൂപാ ഉൾപ്പെടെ തിരുവനന്തപുരം പബ്ലിക്ക് ലൈബ്രറിക്ക് ₹൧,൦൦൦ രൂപായുടെ ഒരു സപ്ലിമെൻററി ഗ്രാൻറാണ് ഞാൻ ഈ സഭയുടെ മുമ്പാകെ ഹാജരാക്കുന്നത്. എന്നാൽ ഇത് യൂണിവേഴ്സിറ്റിയുടെ ഭരണത്തിൻകീഴിലായിരുന്നതുകൊണ്ട് പബ്ലിക്ക് ലൈബ്രറിയുടെ ചിലവിനം യൂണിവേഴ്സിറ്റിയുടെ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. ഇന്നിവിടെ സപ്ലിമെൻററി ഗ്രാൻറ് ഹാജരാക്കിയിരിക്കുന്നതിൽ ₹൫൦൦ രൂപാ യൂണിവേഴ്സിറ്റിയുടെ ബഡ്ജററിൽ നിന്നും തട്ടിക്കഴിക്കാവുന്നതാണ്. അതിനു സഭയുടെ അനുവാദം ആവശ്യമാണ്. അതുകൊണ്ട് ഇന്നിവിടെ യഥാർത്ഥത്തിൽ ഹാജരാക്കുന്ന ധനാഭ്യർത്ഥനയിൽ ൪൦൦൦ രൂപയേ കൂടുതൽ ചെലവാക്കേണ്ടതായി വേണ്ടിവരികയുള്ളൂ. ആ നിലയിൽ ഈ ഗ്രാൻറ് ഈ സഭയുടെ മുമ്പാകെ ഹാജരാക്കുകയും അതു സഭ അംഗീകരിക്കുകയും ചെയ്യണമെന്ന് ഞാൻ അപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു.

HON'BLE MR. A. J. JOHN: I second the motion.

The motion was put and carried.

The demand was passed and the grant made.

54. (C) COST OF LANDS ACQUIRED AND LEASED OUT TO INDUSTRIAL CONCERNS.

HON'BLE MR. T. K. NARAYANA PILLAI: Sir, I rise to move for a grant of Rs. 9,539 under the Head "54 (c)" in the current year's budget for expenditure on account of the cost of lands acquired and leased out to industrial concerns.

HON'BLE MR. A. J. JOHN: I second it.

HON'BLE MR. T. K. NARAYANA PILLAI: സർ, ഇതിനു മുമ്പ് ഇതേ മാതിരി സപ്ലിമെൻററി ഗ്രാൻറ് കൊണ്ടുവന്നിട്ടുള്ളതായി എനിക്കറിയാം. അന്ന് ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസിൻെറ ആവശ്യത്തിലേക്കായി പൊന്നംവിലയ്ക്ക് എടുത്തതിനുവേണ്ടിയായിരുന്നു. ഇപ്പോൾ ഫോറസ്ററ് ഇൻഡസ്ട്രീസിൻെറ ആവശ്യത്തിലേക്ക് തിരുവിതാംകൂർ ഗവണ്മെൻറ് വളരെ കൊല്ലങ്ങൾക്ക് മുമ്പ് ഉണ്ടായിട്ടുള്ള ഒരു കരാറിനെ ആസ്പദമാക്കി ഗവണ്മെൻറിൽ നിന്നും തന്നെ പൊന്നംവിലയ്ക്ക് സ്ഥലം എടുത്ത് അവർക്ക് കൊടുക്കുന്നതിനു ബാദ്ധ്യസ്ഥരായിരുന്നു. ആ കരാറിലെ വ്യവസ്ഥ അനുസരിച്ച് ഭൂമി പൊന്നംവിലയ്ക്ക് എടുത്തു കൊടുക്കുകയും ചെയ്തു. അതിലേക്ക് ൯,൫൩൯ രൂപാ ഗവണ്മെൻറിൽ നിന്നും കൊടുക്കേണ്ടതായിട്ടുണ്ട്. ഗവണ്മെൻറിൽ നിന്നും കമ്പനിക്കു കൊടുത്തിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly